"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

വയനാട് ടൗൺഷിപ്പ് പ്രോജക്റ്റ് - സെൻ്റേജ് ചാർജ്ജുകൾക്കായി M/s KIIFON പ്രൈവറ്റ് ലിമിറ്റഡിൽ നിന്നുള്ള ക്ലെയിം നമ്പർ 01 -പ്രകാരം **4,01,90,700/- (നാല്പ കോടി ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ.(സാധാ) നം.2839/2025/RD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:- സ.ഉ. (സാധാ) നം. 758/2025/ഡി.എം.ഡി, തീയതി, 16.12.2025

## ഉത്തരവ്

ദുരന്ത നിവാരണ വകുപ്പ് പരാമർശം പ്രകാരം, വയനാട് ടൗൺഷിപ്പ് പ്രോജക്റ്റ് - സെൻ്റേജ് ചാർജ്ജുകൾക്കായി M/s KIIFON പ്രൈവറ്റ് ലിമിറ്റഡിൽ നിന്നുള്ള ക്ലെയിം നമ്പർ 01 - അനുസരിച്ച് കൺസൾട്ടൻസി ചാർജ്ജുകൾ ആനുപാതികമായി വിഭജിക്കാനും, റെസിഡൻഷ്യൽ യൂണിറ്റുകൾക്കും അനുബന്ധ സേവനങ്ങൾക്കുമുള്ള 9.189 കോടി (204.21 കോടിയുടെ 4.5%) കൺസൾട്ടൻസി ചാർജ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കേണ്ടതാണെന്നും തീരുമാനിക്കുകയും, M/s KIIFCON ന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, PMC യുടെ ആദ്യ ഗഡുവായി M/s KIIFCON ന് 4,01,90,700/-(നാല്പ കോടി ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ് രൂപ മാത്രം)രൂപ (GST ഉൾപ്പെടെ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ PMC യുടെ ആദ്യ ഗഡുവായി M/s KIIFCON ന് 4,01,90,700/- രൂപ(നാല്പ കോടി ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ് രൂപ മാത്രം) (GST ഉൾപ്പെടെ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു .

വിതരണത്തിനാവശ്യമായി വരുന്ന **4,01,90,700/-(നാല്പ കോടി ഒരു ലക്ഷത്തി**

**തൊണ്ണൂറായിരത്തി എഴുന്നൂറ് രൂപ മാത്രം)രൂപ (GST ഉൾപ്പെടെ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക പരാമർശത്തിലെ ഉത്തരവ് പ്രകാരം M/s KIIFCON ന് വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
CEO KIIFCON
സ്പെഷ്യൽ ഓഫീസർ വയനാട് ടൗൺഷിപ്പ് പ്രൊജക്റ്റ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ദുരന്ത നിവാരണ (എ)വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Maheswari A
Date: 18-12-2025 12:40:31
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിഎ യ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്- എ/ഡി.ആർ.എഫ്- ബി വകുപ്പുകൾക്ക്)